### കബനിയുടെ പുനരുജ്ജീവനം വയനാടിന്റെ രക്ഷയ്ക്ക്

# കബനീയാത്ര

## 2013 മെയ് 7 ചൊവ്വാഴ്ച

വയനാട് സർവ്വനാശത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. വരൾച്ചയും ജലക്ഷാമവും അതീവ രൂക്ഷമാണ്. കാർഷികത്തകർച്ച ഏതാണ്ട് പൂർണ്ണമായിക്കഴിഞ്ഞു. അത്യുഷ്ണത്തിൽ വയനാട് വെന്തുരുകുകയാണിപ്പോൾ. സുഖശീതളമായ കാലാവസ്ഥയും മഞ്ഞും നനവുമൊക്കെ എന്നോ നാടു നീങ്ങിക്കഴിഞ്ഞു. കാർഷിക സമൃദ്ധിക്കും കാർഷിക സുസ്ഥിരതയ്ക്കും കേളികേട്ട 'കർഷകന്റെ സ്വർഗ്ഗഭൂമി' മരുവത്ക്കരണത്തിലേക്കുള്ള പ്രയാണപഥത്തിലാണിപ്പോൾ. വയനാട് നിസ്സംശയമായും പരിസ്ഥിതി ദുരന്തത്തിന്റെ ഇരയായിക്കഴിഞ്ഞു.

സുജലയും സുഫലയും സസ്യശ്യാമളയുമായിരുന്ന വയനാടിന്റെ അതീവ സങ്കീർണ്ണവും ലോലവുമായ പരിസ്ഥിതി സംതുലനത്തിന്റെ കടയ്ക്കൽ ആദ്യത്തെ കോടാലി വീണത് ബ്രിട്ടീഷുകാരുടെ വരവോടെയാണ്. ടിപ്പുവും പഴശ്ശിയും വീരപാണ്ഡ്യ കട്ടബൊമ്മനും പൊരുതിവീണതോടെ മലർക്കെ തുറന്ന് കിട്ടിയ പശ്ചിമഘട്ടത്തിലെ കണ്ണഞ്ചിപ്പിക്കുന്ന പ്രകൃതിവിഭവങ്ങളുടെ നിധികുംഭം പാശ്ചാത്യരുടെ അത്യാർത്ഥിയെ മത്തുപിടിപ്പിച്ചു. തെക്കുപടിഞ്ഞാറും വടക്കുപടിഞ്ഞാറുമുള്ള വയനാടൻ മലഞ്ചെരുവുകളിലെ നിബിഡവനങ്ങൾ വെട്ടിവെളുപ്പിക്കപ്പെട്ടു. അവിടെയൊക്കെ തേയിലത്തോട്ടങ്ങളുണ്ടായി. നിലമ്പൂർ കോവിലകത്തിന്റെ 65000 ഏക്കറും പുൽപ്പള്ളി ദേവസ്വത്തിന്റെ 40000 ഏക്കറും പൂതാടി ദേവസ്വത്തിന്റെ 20000 ഏക്കറും വനനിബിഡത വെട്ടിവെളുപ്പിച്ച് കൃഷിയിടമാക്കാൻ പിന്നെ കാലമേറെ വേണ്ടിവന്നില്ല. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അവശേഷിച്ച കാടുകൾ റിസർവ്വ് വനമായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. 1957 മുതൽ കേരളത്തിൽ അധികാരത്തിൽ വന്ന ജനകീയ സർക്കാറുകൾ പ്രതിവർഷം നൂറുകണക്കിനേക്കർ നിത്യഹരിതവനം വെട്ടിവെളുപ്പിച്ച് തേക്കും യൂക്കാലിപ്റ്റസും നട്ടുപിടിപ്പിച്ചു. ഈ ഏകവിളത്തോട്ടങ്ങൾ വയനാടിന്റെ പരിസ്ഥിതിയിലേൽപ്പിച്ച ആഘാതം വിവരണാതീതമാണ്. കേരളത്തിൽ സോഷ്യലിസം വരുത്താൻ വേണ്ടിയാണല്ലൊ മാവൂരിലെ ഗ്വാളിയോർ റയൺസ് ഫാക്ടറിയെ കൊണ്ടുവന്നത്. വൻദുരന്തങ്ങൾക്കും കെടുതികൾക്കും സാമൂഹ്യ-പരിസ്ഥിതി ആഘാതങ്ങൾക്കും ഇടയാക്കിയ മുളമുറിയും മനുഷ്യ-വന്യജീവി സംഘർഷവുമൊക്കെ ഇതിന്റെ ബാക്കിപത്രമാണ്. രണ്ടുരൂപയ്ക്ക് ഒരു ടൺ മുളയും, ഇരുപത് പൈസയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതിയും പ്രതിദിനം അനേകലക്ഷം ഗ്യാലൻ വെള്ളവും, ചാലിയാർ നദി ആകെയും തീറെഴുതിയാണല്ലൊ ബിർളയെ കുടിയിരുത്തിയത്.

വയനാടിനു ചുറ്റുമായി ബ്രഹ്മഗിരി മലനിരകൾ, കമ്പമലകൾ, വൈത്തിരിക്കുന്നുകൾ, ബാണാസുരമലകൾ, ചെമ്പ്രമലകൾ, തുടങ്ങിയ മലന്തലപ്പുകളിൽ വിശാലമായ പുൽപ്പരപ്പുകളും അവയ്ക്കു മദ്ധ്യേ ചോലക്കാടുകളും സമതലങ്ങളിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന തുടർച്ചയില്ലാത്ത കുറെ തുണ്ട് വനങ്ങളും പിന്നെയും അവശേഷിച്ചിരുന്നു. വ്യാപകമായ കുടിയേറ്റങ്ങൾക്കു ശേഷം അവയാകെ വേനൽക്കാലങ്ങളിൽ കത്താൻ തുടങ്ങി. സമീപകാലം വരെ തുടർച്ചയായി ഈ കാടുകൾ കത്തിക്കൊണ്ടിരുന്നു. അവശേഷിച്ച കാടുകളും വനാവൃതമായ മലന്തലപ്പുകളുമാണ് കബനി നദിയുടെ പ്രഭവങ്ങൾ. ഇവ വയനാടിന്റെ ജലഗോപുരങ്ങളാണ്. സർവ്വ ഐശ്വര്യങ്ങളുടെയും അടിസ്ഥാനമാണ്.

ആധുനീക കുടിയേറ്റമാണ് വയനാടിന്റെ അടുത്ത മുറിവ്. പ്രകൃതിയെയും വന്യമൃഗങ്ങളെയും മലമ്പനിയെയും തങ്ങൾ കീഴടക്കിയെന്ന് അവർ വൃഥാ വീമ്പടിച്ചു. അതോടെ വികസനത്തിന്റെ തേരോട്ടമായി. ഉന്മാദാവസ്ഥയിൽ എത്തിനിൽക്കുന്ന വികസനജ്വരത്തിൽ പ്രതിബന്ധങ്ങൾ സർവ്വം നിഷ്ക്കരുണം തട്ടിമാറ്റപ്പെട്ടു. സംഘടിത മതങ്ങളും അധികാര രാഷ്ട്രീയവും കൂട്ടിനുണ്ടായിരുന്നു. എല്ലാ വിഭവങ്ങളും തങ്ങൾക്ക് സ്വന്തമാണെന്നും ഉപഭോഗിച്ച് ധൂർത്തടിക്കാനുള്ളതാണെന്നും അവർ ധരിച്ചു വശായി. അത്യാർത്ഥി പൂണ്ട വിഭവക്കൊള്ളയാണിപ്പോൾ വയനാട്ടിൽ

പശ്ചിമഘട്ടമലകളുടെ ഹൃദയം പിളർന്ന് കരിങ്കൽ ക്വാറികൾ നിയമങ്ങളെയാകെ കാറ്റിൽ പറത്തി പ്രവർത്തിച്ചു കൊണ്ടേയിരിക്കുന്നു. കൃത്രിമ മണൽ ഉണ്ടാക്കാൻ കുന്നുകൾ ഇടിച്ചുകൊണ്ടിരിക്കുന്നു. ആദിവാസികളെയും തദ്ദേശിയരായ പാവങ്ങളെയും ആട്ടിയോടിച്ചാണ് പാറ ഖനനം. മണലൂറ്റൽ, വയനാടൻ പുഴകളെയും നീർച്ചാലുകളെയും നെൽവയലുകളെപ്പോലും കാർന്ന് തിന്ന് കഴിഞ്ഞു. ശേഷിച്ച നെൽവയലുകളും കൃഷിഭൂമികളും വിമാനത്താവളം പോലുള്ള അസംബന്ധ വികസനപ്പിശാചിന്റെ ദ്രംഷ്ടയ്ക്കുമുമ്പിൽ വിറകൊള്ളുകയാണിപ്പോൾ. സകലനിയമങ്ങളെയും നോക്കുകുത്തിയാക്കിയാണ് മെഡിക്കൽ ടൂറിസത്തിനായി കുന്നുകളിടിച്ച് കെട്ടിടസമുച്ചയമുണ്ടാക്കുന്നത്. ലക്കിടിപോലുള്ള അതീവലോല പ്രദേശങ്ങളിൽ കെട്ടിടങ്ങൾ ഉയരുന്നത് കുന്നുകൾ ഇടിച്ച് നിരത്തിത്തന്നെയാണ്. കുറുവയും, പൂക്കോടും എടയ്ക്കൽ ഗുഹയും അപൂർവ്വങ്ങളായ വന്യജീവി കേന്ദ്രങ്ങളും മാത്രമല്ല ബ്രഹ്മഗിരി മലനിരകൾ വരെ മലീമസമാക്കിയ ടൂറിസം വയനാടിന്റെ ശേഷിച്ച പച്ചപ്പും നനവും നക്കിത്തുടയ്ക്കാനുള്ള അത്യാർത്ഥിയിൽ ചോരകിനിയുന്ന ചുണ്ടും നഖവുമായി വയനാടിന്നു മേൽ ചുറ്റിപ്പറക്കുകയാണിപ്പോൾ. കാർഷിക പ്രതിസന്ധിമൂലം തകർന്ന വയനാടിന് ഇനി ടൂറിസം മാത്രമെ രക്ഷയുള്ളൂവെന്ന്

ഒരശ്ലീലം പോലെ അവർ ഘോഷിച്ചുകൊണ്ടേയിരിക്കുന്നു.

നെറികെട്ട വികസനത്തേരോട്ടത്തിൽ മണ്ണിന്റെ മക്കളായ ആദിവാസികൾ എന്നോ അഭയാർത്ഥികളായിക്കഴിഞ്ഞിരിക്കുന്നു. പൊന്മുട്ടയിടുന്ന താറാവിനെ കൊന്നുതിന്നവരും ആശങ്കയിലാണിപ്പോൾ. പ്രകൃതിയെ കീഴടക്കിയെന്ന് ഊറ്റം കൊണ്ടവരുടെ പിൻതലമുറ ദാഹജലം ലഭിക്കാൻ വരണ്ടതൊണ്ടയുമായി ജലവിതരണ വണ്ടികൾക്കുവേണ്ടി കാത്തുനിൽക്കുന്നത് വിധിവിഹിതമെന്നതിനേക്കാൾ സ്വയം കൃതാനർത്ഥമാണ്. വയനാടൻ മണ്ണിനോട് കാണിച്ച ക്രൂരതകൾക്ക് സമാനതകൾ ഇല്ല. എത്രയെത്ര ടൺ കീടനാശിനികളാണീ മണ്ണിൽ അഭിഷേകം ചെയ്യപ്പെടുന്നത്! ഇന്നും അത് അനവരതം തുടരുന്നു. ആയിരക്കണക്കിന് ടൺ രാസവളം ഇപ്പോഴും വയനാടൻ ചുരങ്ങൾ കയറിവരുന്നു. നെൽവയലുകളിലാകെ വാഴയും കമുകുമാണ്. ആയിരക്കണക്കിന് കിലോമീറ്റർ നീളത്തിൽ സസ്യ-ജൈവ വൈവിദ്ധ്യം കൊണ്ട് സമ്പന്നമായ ചെറുതോടുകളും അരുവികളുമുണ്ടായിരുന്നു. അവയൊക്കെ നികത്തപ്പെട്ടുകഴിഞ്ഞു. വയനാടിന്ന് ജലസുരക്ഷ നൽകിയിരുന്ന രക്തധമനികളെയാണ് ഉന്മൂലനം ചെയ്തുകളഞ്ഞത്.

എന്നിട്ടും വയനാടൊരു ചാവുഭൂമിയാകാത്തത് അത്ഭുതകരമായിരിക്കുന്നു. നേർത്തതെങ്കിലും നനവും ഉർവ്വരതയും മണ്ണിന്റെ ജീവനും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കൃഷിഭൂമികളിലെ വൃക്ഷനിബിഡതയാണിതിനൊരു കാരണം. ഈ മരങ്ങളാണ് സമ്പൂർണ്ണ മരുവത്ക്കരണത്തിൽ നിന്നും വയനാടിനെ തടഞ്ഞുനിർത്തുന്നത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്, പരിസ്ഥിതി ലോലപ്രദേശങ്ങൾ, കടുവാസംരക്ഷണ കേന്ദ്രം, ഇവയെ മുൻനിർത്തി ചില മതസംഘടനകളും രാഷ്ട്രീയ പാർട്ടികളും അഴിച്ചുവിട്ട അസംബന്ധ ജഡിലവും അവാസ്ഥവവുമായ പ്രചരണത്തിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട കർഷകർ വൻതോതിൽ മരങ്ങൾ മുറിച്ചുമാറ്റിക്കൊണ്ടിരിക്കുകയാണിപ്പോൾ. ഭീതിപരത്തിക്കൊണ്ട് കച്ചവടക്കങ്കാണിമാർ വീടുവീടാന്തരം കയറിയിറങ്ങുന്നു. നിയമങ്ങൾ കാറ്റിൽപ്പറത്തി ഉദ്യോസ്ഥ വിൻബലത്തോടെ വൻകിട തോട്ടങ്ങളിലും മരംമുറി തകൃതിയാണ്.

വയനാട്ടിലിപ്പോൾ നിലനിൽക്കുന്നത് ഭീതിതമായ ഒരവസ്ഥയാണ്. കഴിഞ്ഞ 15 വർഷമായി കാലവർഷത്തിന്റെ അളവു കുത്തനെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ചൂട് അമിതമായി കൂടിക്കൊണ്ടിരിക്കുന്നു. ആറായിരം മുതൽ ഏഴായിരം വരെ മില്ലിമീറ്ററിൽ മഴ ലഭിച്ചിരുന്ന വയനാട്ടിൽ പോയവർഷം ലഭിച്ച മഴയുടെ അളവ് 1500 മില്ലിമീറ്റർ മാത്രം! ആരും സംശയിക്കേണ്ടതില്ല - മരുവത്ക്കരണത്തിലേക്ക് ഇനി ഒരു കാൽച്ചുവടുമാത്രം!!

ഒന്നരലക്ഷം ആദിവാസികളുടെ ജന്മഗേഹമാണ് വയനാട്. തോട്ടം തൊഴിലാളികളും ചെറുകിട കർഷകരുമായി മറ്റൊരു ഏഴു ലക്ഷവും. ഇവരൊക്കെ മഴയെയും മണ്ണിനെയും ആശ്രയിച്ചാണ് ജീവിക്കുന്നത്. വയനാടിന്റെ കാർഷിക സുസ്ഥിരതയും സൗഭാഗ്യവും കേളികേട്ടതായിരുന്നു. സകലസൗഭാഗ്യങ്ങളും പ്രകൃതിയുടെ വരദാനമാണെന്ന് ആരും ഓർത്തില്ലെന്നുമാത്രം അമ്മയുടെ മുലപ്പാൽ കുടിക്കാനല്ലാതെ അമ്മയുടെ ചോരയും മാംസവും ആഹരിക്കാൻ മക്കൾക്കവകാശമില്ലെന്നത് നാം മറന്നു കളഞ്ഞു. ഭൂമിയെ കൊല്ലുന്നത് മാതൃഹത്യയാണ്.

വയനാട്ടിലെ കർഷക ആത്മഹത്യക്കെതിരെ ഉദ്ഘോഷിച്ചവരും ഉദ്ബോധിപ്പിച്ചവരുമൊക്കെ കാതലായ ചില യാഥാർത്ഥ്യങ്ങൾ കണ്ടില്ലെന്ന് നടിക്കുകയോ കാണാതിരിക്കുകയോ ആയിരുന്നു. എല്ലാവർക്കും ത്വരിതവും സത്വരവുമായ പരിഹാരമായിരുന്നു വേണ്ടിയിരുന്നത്. യഥാർത്ഥ രോഗം കണ്ടറിഞ്ഞ് ചികിത്സ നിശ്ചയിക്കാൻ ആരും മുതിർന്നില്ല. കാർഷിക വിഭവങ്ങളുടെ വിലത്തകർച്ചയെയാണ് സർവ്വരും വില്ലനായിക്കണ്ടത്. വയനാട്ടിൽ കൃഷി തന്നെ അസാധ്യമായിരിക്കുന്നു എന്ന പൊള്ളുന്ന സത്യം അഭിമുഖീകരിക്കാൻ സർവ്വരും ഭയന്നു. വയനാട്ടിലെ പരമ്പരാഗത കൃഷികൾ ഒന്നും തന്നെ തുടരാൻ വയ്യാത്ത വിധം കാലാവസ്ഥ തകിടം മറിഞ്ഞുകഴിഞ്ഞിരുന്നു. നേരിയ കാലാവസ്ഥാവ്യതിയാനം പോലും കൃഷിയെ വൻതോതിൽ ബാധിക്കുമെന്ന് വ്യക്തമായും തെളിയിക്കപ്പെട്ടിട്ടുണ്ട്.

പരിസ്ഥിതിത്തകർച്ച മൂലമുള്ള ദുരന്തമായിരുന്നു വയനാടിന്റെ കാർഷികത്തകർച്ച. പരിസ്ഥിതി പുനസ്ഥാപനമല്ലാതെ കുറുക്കുവഴികൾ നമുക്ക് മുന്നിലില്ല. മലന്തലപ്പുകളിലെ പുൽപ്പരപ്പുകളും ചോലവനങ്ങളും പുനരുജ്ജീവിക്കപ്പെടുകയും അരുവികൾ പുനർജ്ജനിക്കുയും കുന്നിൻതലപ്പുകൾ ജലം ചുരത്തുകയും ചെയ്യണം. വയനാടിന്റെ ജീവനാഡിയായ കബനി വീണ്ടും തിടം വച്ച് നിറഞ്ഞൊഴുകണം.

ഇന്നത്തെ പോക്ക് ഭയനാകമായ അപകടത്തിലേക്കാണ്. നയാഗ്ര വെള്ളച്ചാട്ടത്തിനുമേലുള്ള ജലാശയത്തിൽ യന്ത്രം കേടായ ഉല്ലാസനൗകയിലിരുന്ന് കളിച്ച് രസിക്കുന്ന വിനോദസഞ്ചാരികളെയാണ് വയനാട് ഓർമ്മിപ്പിക്കുന്നത്. പൂർണ്ണനാശം നമ്മെ ഇനിയും ഗ്രസിച്ച് കഴിഞ്ഞിട്ടില്ല. പുനരുജ്ജീവനത്തിനുള്ള പ്രകൃതിയുടെ കഴിവ് അപാരമാണ്. സർവ്വംസഹയായ പ്രകൃതിമാതാവ് നമ്മോട് കരുണ കാണിക്കുമെന്ന് പ്രതീക്ഷിക്കാം.

- വയനാട് പ്രകൃതി സംരക്ഷണസമിതി പ്രവർത്തകർ


സുൽത്താൻ ബത്തേരി

5-05-2013

# സഞ്ചാരിപ്രാവിന്റെ ഓർമ്മയ്ക്ക്
# പക്ഷിഫോട്ടോപ്രദർശനം

**2016 ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 1 വരെ**

**എസ്.കെ.എം.ജെ.ഹൈസ്കൂൾ ജൂബിലി ഓഡിറ്റോറിയം, കല്പറ്റ**



ഭൂമിയുടെ ചരിത്രത്തിന്റെ അംഗസംഖ്യയിൽ ഒന്നാം സ്ഥാനത്തെത്തിയ പക്ഷിയാണ് സഞ്ചാരിപ്രാവ് (Passenger Pigcon, *Ectopistes migratorius*). അമേരിക്കൻ വിഹായസ്സിൽ ശതകോടികളായി വിഹരിച്ചിരുന്ന സഞ്ചാരിപ്രാവിനെ കുടിയേറ്റക്കാരായ വെള്ളക്കാർ 50 വർഷംകൊണ്ട് നാമാവശേഷമാക്കി. 1870 -ൽ ഓഹിയോനദിക്കരയിലെ സിൻസിനാറ്റിക്ക് മുകളിലൂടെ പറന്നുപോയ ഒരു പറ്റത്തിൽ ഉണ്ടായിരുന്നത് 200 കോടി പ്രാവുകളാണ്. 1914 സെപ്റ്റംബർ ഒന്നിന് സിൻസിനാറ്റി മൃഗശാലയിലെ ഒരു കൂട്ടിൽ കിടന്ന് അന്ത്യശ്വാസം വലിച്ച മാർത്ത അവസാനത്തെ സഞ്ചാരിപ്രാവായിരുന്നു.

ഇന്ന് മനുഷ്യന്റെ കൈകൊണ്ട് നിമിഷംതോറും സംഭവിച്ചുകൊണ്ടിരിക്കുന്ന വംശനാശത്തിന്റെ ഒരുദാഹരണം മാത്രമാണ് സഞ്ചാരിപ്രാവ് - ഏറ്റവും പ്രസിദ്ധമായ ഉദാഹരണം. വംശനാശം ഇന്നത്തെ തോതിൽ തുടർന്നാൽ, ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്ക് ഇന്ന് ഭൂമിയിലുള്ള ജൈവജാതികളിൽ പകുതിയും പൊയ് പോയേക്കുമെന്ന് ശാസ്ത്രജ്ഞർ കണക്കാക്കുന്നു. മനുഷ്യൻ ഈ കൂട്ടവംശനാശത്തിന്റെ കാരണം മാത്രമല്ല, ഇരയും ആയിരിക്കുമെന്നും അവർ പറയുന്നു.

സഞ്ചാരിപ്രാവിന്റെ വംശനാശത്തിന്റെ നൂറ്റിരണ്ടാം വാർഷികത്തിൽ, ഈ കൂട്ടക്കുരുതിയെക്കുറിച്ച് ചിന്തിപ്പിക്കാൻ ഒരു പക്ഷിഫോട്ടോപ്രദർശനം നടത്തുന്നു. ആഗസ്റ്റ് 30 വൈകിട്ട് 4.30 ന്, പ്രസിദ്ധ പക്ഷിനിരീക്ഷകനും ഭിഷഗ്വരനുമായ ഡോ.കെ.ജി.രഘു പ്രദർശനം ഉദ്ഘാടനം ചെയ്യും. സെപ്തംബർ ഒന്ന് ഉച്ചയ്ക്ക് രണ്ടുമണി മുതൽ നടക്കുന്ന സെമിനാറിൽ ശ്രീ.പി.കെ. ഉത്തമനും പ്രൊഫ. ഇ. കുഞ്ഞികൃഷ്ണനും പ്രബന്ധങ്ങൾ അവതരിപ്പിക്കും.

# പരിപാടി

സ്ഥലം : എസ്.കെ.എം.ജെ. ഹൈസ്കൂൾ
ജൂബിലി ആഡിറ്റോറിയം, കല്പറ്റ

## ഫോട്ടോ പ്രദർശനം ഉദ്ഘാടനം

സമയം : ആഗസ്റ്റ് 30 വൈകീട്ട് 4.30

ഉദ്ഘാടകൻ :
**ഡോ.കെ.ജി.രഘു**

അദ്ധ്യക്ഷൻ :
**ശ്രീ.ബിനു ജോർജ്ജ്**
പ്രസിഡന്റ്, വയനാട് പ്രസ്സ് ക്ലബ്ബ്

മുഖ്യപ്രഭാഷണം :
**ശ്രീ. സി. റഹിം**
പ്രസിഡന്റ്, കേസരി സ്മാരക ട്രസ്റ്റ്, തിരുവനന്തപുരം

## സെമിനാർ

സമയം : സെപ്തംബർ 1 ഉച്ചകഴിഞ്ഞ് 2 മണി
വിഷയം : വംശനാശവും ജീവന്റെ ഭാവിയും

ഉദ്ഘാടകൻ :
**ശ്രീ.പി. ധനേഷ് കുമാർ**
വയനാട് വൈൽഡ് ലൈഫ് വാർഡൻ

അദ്ധ്യക്ഷ :
**ശ്രീമതി ഷജ്ന കരീം**
ഡി.എഫ്.ഒ. സോഷ്യൽ ഫോറസ്ട്രി, കല്പറ്റ

പ്രബന്ധാവതരണം :
**ശ്രീ.പി.കെ. ഉത്തമൻ**
**പ്രൊഫ. ഈ കുഞ്ഞികൃഷ്ണൻ**

---

വയനാട് പ്രസ്സ് ക്ലബ്ബ്, കല്പറ്റ
വയനാട് പ്രകൃതി സംരക്ഷണ സമിതി, സുൽത്താൻ ബത്തേരി
കെ. ജയചന്ദ്രൻ അനുസ്മരണ സമിതി, കല്പറ്റ.

# പരിസ്ഥിതി സൗഹൃദവികസനവും പുരോഗതിയും ലക്ഷ്യമാക്കി വയനാട് കർഷക കൂട്ടായ്മ അവതരിപ്പിക്കുന്ന അവകാശ രേഖ (കരട്)

**ആമുഖം :**

വനങ്ങളും നദീതടങ്ങളും ചതുപ്പും കൃഷിയിടങ്ങളും സംരക്ഷിക്കുന്നതിനും ജലസുരക്ഷയും ഭക്ഷ്യസുരക്ഷയും വരും തലമുറയ്ക്കായി കരുതിവെയ്ക്കുന്നതിനുമുതകുന്ന ഒരു ജനകീയമുന്നേറ്റമാണ് നാം വിഭാവനം ചെയ്യുന്നത്. ഗോത്രവർഗ്ഗസമൂഹങ്ങളും കർഷകരും വ്യാപാരസമൂഹവും പരിസ്ഥിതി താൽപര്യമുള്ളവരും ഉൾക്കൊള്ളുന്ന വളരെ വ്യത്യസ്ഥവും വിശാലാർത്ഥത്തിലുമുള്ള സുസ്ഥിരമായ ഒന്നാണ് ഈ കൂട്ടായ്മ. നമ്മുടെ സംസ്ഥാനത്തെ അതിദീർഘമായ മാനവീക ചരിത്രമുള്ളതും എന്നാൽ വൈകി മാത്രം രൂപീകരിക്കപ്പെട്ടതുമായ ഒരു ജില്ലയാണ് വയനാട്. ജൈവ വൈവിദ്ധ്യവും പരിസ്ഥിതി സമ്പന്നവും ഒപ്പം ദുർബല ഭൂപ്രദേശവുമായ വയനാടിനെ പ്രത്യേകം ശ്രദ്ധേയമാക്കുന്നത്, ഇതിന്റെ പ്രകൃതി സവിശേഷതകളും പൈതൃകവും തന്നെയാണ്.

2132 ചതു.കിലോമീറ്റർ വിസ്തൃതിയുള്ള വയനാടിന്റെ 40 ശതമാനത്തിലധികവും വനമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉഷ്ണമേഖലാനിത്യഹരിത വനങ്ങളും ചതുപ്പുനിലങ്ങളും പുൽമേടുകളും മാത്രമല്ല, ഏറെയും വനംവകുപ്പിന്റെ തേക്കും യൂക്കാലിപ്റ്റസും മഹാഗണിയുമുൾക്കൊള്ളുന്ന ഏക വിളത്തോട്ടങ്ങളുമാണ്. പതിമൂന്നോളം നദികളുടെ പ്രഭവകേന്ദ്രങ്ങൾ, വയനാടൻ വനങ്ങളിലെ ഷോലക്കാടുകളും പുൽമേടുകളുമാണ്. അയൽ ജില്ലകളായ കോഴിക്കോടും കണ്ണൂരും മലപ്പുറവും കുടിവെള്ളത്തിനും കൃഷിക്കും ആശ്രയിക്കുന്നത് വയനാടൻ കാടുകളിൽ നിന്നൂറിവരുന്ന ജലസമ്പത്തിനെയാണ്. ദക്ഷിണേന്ത്യയുടെ ജലഗോപുരം (Water Tower) ആയാണ് വയനാട് കണക്കാക്കപ്പെടുന്നത്. നമ്മുടെ പ്രധാന നദിയായ കബനി കർണാടകത്തിന്റെയും തമിഴ്നാടിന്റേയും കാർഷിക സമൃദ്ധിയുടെ പ്രഭവ കേന്ദ്രമായ കാവേരിനദിയുടെ പ്രധാന കൈവഴിയാണ്. ചെമ്പ്രയും വെള്ളരിമലയും ബ്രഹ്മഗിരിയും സുഗന്ധഗിരിയും കുറിച്യർമലയും ബാണാസുരയും മണിക്കുന്ന് മലയും കബനിയുടെ വൃഷ്ടി പ്രദേശങ്ങളിൽ ഉൾപ്പെടുന്നു.

ബി.സി. ആറായിരത്തിനടുത്തേക്ക് നീളുന്ന വയനാടിന്റെ പൈതൃക ചരിത്രത്തിന്റെ ശക്തമായ ഈടുവെയ്പുകളാണ് എടക്കൽ ഗുഹയും തൊവരിചിത്രങ്ങളുമെന്ന്, നാം ഓർമിക്കേണ്ടതുണ്ട്.

**ജനങ്ങളും കൃഷിയും**

എട്ടരലക്ഷത്തോളം ജനസംഖ്യയുള്ള വയനാട്ടിലെ 90 ശതമാനം ജനങ്ങളും കർഷകരെന്ന നിലയിലോ കർഷക തൊഴിലാളികളെന്ന നിലയിലോ ഉപജീവനം കഴിക്കുന്നവരാണ്. മലനിരകളും വനങ്ങളും മൺസൂണും കൊണ്ട് അനുഗ്രഹീതവുമായ ഫലഭൂയിഷ്ഠവുമായ ഈ പ്രദേശം കാപ്പി, തേയില, കുരുമുളക്, ഏലം, നെല്ല് തുടങ്ങിയവയാൽ സമ്പന്നമാണ്.

കാലാവസ്ഥ വ്യതിയാനവും മനുഷ്യന്റെ തെറ്റായ ഇടപെടലുകളും മൂലം വയനാട് ഇന്ന്, വരൾച്ചയിലും ദുരിതത്തിലുമാണ്. അശാസ്ത്രീയമായ ഖനനവും വിവേകരഹിതമായ കുന്നിടിക്കലും വനനശീകരണവും ചതുപ്പുകൾ നികത്തലും മൂലം ഉപരിതല ഭൂഗർഭ ജല ലഭ്യതയിലും കുറവുണ്ടായി.

**കാർഷിക ദുരന്തം**

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ പതിവുള്ളതുപോലെ രണ്ടായിരമാണ്ടിന്റെ ആദ്യദശകത്തിൽ തന്നെ കർഷക ആത്മഹത്യകളുടെ ദുരിതഭൂമിയായി വയനാട് മാറി. രാസവളങ്ങളും കീടനാശിനികളുമുപയോഗിച്ചുള്ള കടുംകൃഷി മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെടുത്തി. വിലത്തകർച്ച, പ്രതികൂല കാലാവസ്ഥ, വിളനാശം, മനുഷ്യ-വന്യമൃഗസംഘർഷം, കടക്കെണി എന്നിവ, ആഗോളതലത്തിൽ കാപ്പിയും കുരുമുളകും അടക്കമുള്ള സുഗന്ധവ്യഞ്ജനങ്ങൾക്ക് പേരുകേട്ട കേരളത്തിലെ ഈ പ്രമുഖ കാർഷിക ജില്ലയെ ദുരന്തഭൂമിയാക്കി. വിളവെടുപ്പുകാലത്തെ നോട്ടുനിരോധനവും പ്രളയദുരന്തം മൂലമുള്ള കൃഷിനാശവും കർഷകർക്കേറ്റ ആഘാതങ്ങളായിരുന്നു. വായ്പാസൗകര്യങ്ങളുടെ കുറവും വിപണനരംഗത്ത് ലഭിക്കേണ്ട സർക്കാർ സഹായങ്ങളുടെ അഭാവവും, കർഷകരെ മാത്രമല്ല, അവരെ ആശ്രയിച്ച് കഴിയുന്ന പൊതു സമൂഹത്തേയും സാരമായി ബാധിച്ചു. വർദ്ധിച്ചുവരുന്ന ക്യാൻസർ, കിഡ്നി രോഗങ്ങളും കൃഷിയിലെ രാസവസ്തുക്കളുടെ ഉപയോഗവും, വയനാടിന് അനുയോജ്യമല്ലാത്ത പാശ്ചാത്തലവികസന പ്രവർത്തനങ്ങളും (Infrastructure Development) വയനാടിനെ വിനാശത്തിലേക്കാണ് നയിക്കുന്നത്.

വയനാട്ടിൽ കർണാടക-തമിഴ്നാട് സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന ആറ് അന്തർസംസ്ഥാനപാതകൾ നിലവിലുണ്ട്. കൂടാതെ കോഴിക്കോട്, കണ്ണൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന അഞ്ച് ചുരം റോഡുകളും. രണ്ട് ഹൈവേകളിൽ രാത്രികളിൽ നിയന്ത്രണമേർപ്പെടുത്തി വന്യജീവികളുടേയും മനുഷ്യരുടേയും സുരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിലും ഇനിയുണ്ടാവുന്ന ഹൈവേകളും റെയിൽ, എയർ സൗകര്യങ്ങളും കൂടുതൽ വനങ്ങളുടേയും കുന്നുകളുടേയും തണ്ണീർതടങ്ങളുടേയും നാശത്തിനിടയാക്കുകയും ആവാസവ്യവസ്ഥയ്ക്കും പരിസ്ഥിതി സംതുലനത്തിനും സമൂഹത്തിനാകെയും വിനാശകരമാകുമെന്ന വസ്തുതയും നാം കണക്കിലെടുക്കേണ്ടതുണ്ട്. ഇത് വയനാടിന്റെ കാർഷികസംസ്കാരത്തെ ഇല്ലായ്മ ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. കർണാടകത്തിലെ നഞ്ചൻഗോഡ് നിന്നും ബന്ദിപ്പൂർ കടുവാ സങ്കേതത്തിലൂടെയും വയനാട് വന്യജീവി കേന്ദ്രത്തിലൂടെയും സുൽത്താൻ ബത്തേരി വഴി നിലമ്പൂരിലേക്കും നാഗർഗോള വഴി മൈസൂരിൽനിന്ന് മാനന്തവാടി വഴി തലശ്ശേരിയിലേക്കും ഉള്ള നിർദ്ദിഷ്ടറെയിൽവേ ലൈനുകൾ വ്യാപകമായ തോതിൽ വനങ്ങളുടെ നശീകരണത്തിനും വന്യമൃഗങ്ങളുടെ ആവാസ കേന്ദ്രങ്ങളുടെ നാശത്തിനും കുന്നുകളുടേയും തണ്ണീർ തടങ്ങളുടേയും അന്ത്യത്തിനും കാരണമായി തീരുമെന്നതിന് സംശയമില്ല. ഇവയൊന്നും വയനാട്ടിലെ മനുഷ്യരുടെ ഉപജീവനത്തെ ഒട്ടും സഹായിക്കുകയുമില്ല. പഴയകാല അനുഭവങ്ങൾ അതാണ് പഠിപ്പിക്കുന്നത്. നിലവിലുള്ള റോഡുകളുടെ കൃത്യമായ സംരക്ഷണവും പൊതുയാത്രാസൗകര്യങ്ങളുടെ മെച്ചപ്പെടുത്തലും ഗ്രാമങ്ങളെയും പട്ടണങ്ങളെയും തമ്മിൽ ബന്ധിപ്പിക്കലുമാവും പുതിയ റോഡുകളുടേയും ഭൗതിക സൗകര്യങ്ങളുടേയും നിർമിതിയെക്കാൾ വയനാടിന് ഗുണപ്രദമാവുക.

**മനുഷ്യവന്യജീവിസംഘർഷം**

വയനാടൻ കാടുകളുടെ തുണ്ടുവൽക്കരണം ആന,കടുവ തുടങ്ങിയ മൃഗങ്ങളുടെ ആവാസമേഖലയുടെ തകർച്ച എന്നിവ മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ വർദ്ധിക്കുന്നതിനിടയാക്കുന്നു. കഴിഞ്ഞ 25 വർഷത്തിനിടയിൽ 100ൽ അധികം മനുഷ്യർ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ വയനാട്ടിൽ മാത്രം കൊല്ലപ്പെടുകയുണ്ടായി. നൂറുകണക്കിന് വന്യജീവികളും കൊല്ലപ്പെട്ടിട്ടുണ്ട്. ആൾ നാശത്തിനും വിളനാശത്തിനുമുള്ള നഷ്ടപരിഹാരം നാമമാത്രമാണെങ്കിൽ പോലും ആ ഇനത്തിൽ സർക്കാർ വർഷം തോറും ചെലവഴിക്കുന്നത് കോടിക്കണക്കിന് രൂപയാണ്. വയനാടൻ കാടുകൾ ബന്ദിപ്പൂരിൽ നിന്നും മുതുമലയിൽ നിന്നും നാഗർഗോളയിൽ നിന്നുമുള്ള ആനകളുടെ പരമ്പരാഗത സഞ്ചാരപഥമാണ്. 2600-ൽ അധികം കുടുംബങ്ങൾ താമസിക്കുന്ന 104 വനഗ്രാമങ്ങൾ ഇതിനിടയിലുണ്ട്. ആനകളെ കൂടാതെ കടുവ, പുലി, മാൻ, കാട്ടുപന്നി, കുരങ്ങ്, മയിൽ തുടങ്ങിയവയുടേയും അധിനിവേശ

ങ്ങൾ ഗ്രാമങ്ങളിൽ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്.അനാദികാലം തൊട്ടെ മൃഗങ്ങളും മനുഷ്യരും വനവും കർഷകരും പാരസ്പര്യത്തിൽ കഴിഞ്ഞിരുന്ന വയനാട് അതിലധിവസിക്കുന്നവരെ പരസ്പരം ശത്രുക്കളായി മാറ്റിയ യുദ്ധഭൂമിയായി മാറിയിരിക്കുന്നു. ഓരോ വർഷവും കൂടിവരുന്ന, ഈ സംഘർഷം വലിയ സാമൂഹ്യപ്രശ്നവും കർഷകർ നേരിടുന്ന വൻവെല്ലുവിളിയുമായി തീർന്നിരിക്കുകയാണ്.

**പ്രളയവും മണ്ണിടിച്ചിലും.**

കഴിഞ്ഞ നൂറ് വർഷത്തിനിനിടയിൽ കേരളം നേരിട്ട ഏറ്റവും വലിയ ദുരന്തമായിരുന്നു 2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയം. വയനാട്ടിലുണ്ടായ പ്രളയക്കെടുതികൾ മിക്കതും മനുഷ്യനിർമ്മിതമായിരുന്നു എന്ന് വ്യക്തമാണ്. വയനാട്ടിലാകെ 568 സ്ഥലങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടായി. ഭൂമി താഴ്ന്ന് പോകുന്ന പ്രതിഭാസം തിരുനെല്ലി പഞ്ചായത്തിൽ സാർവ്വത്രികമായി ഉണ്ടായി. ഏതാണ്ട് 6000 ഏക്കർ സ്ഥലം പ്രളയത്തിൽ ഉപയോഗശൂന്യമായി. ഭൂമി ഇടിഞ്ഞ് താഴ്ന്ന 50 ശതമാനം സ്ഥലങ്ങളും തുടർന്ന് വാസയോഗ്യമല്ലെന്നാണ് വിദഗ്ദ്ധരാൽ വിലയിരുത്തപ്പെട്ടത്. അശാസ്ത്രീയമായ റോഡ് നിർമ്മാണം മണ്ണ് മാന്തി യന്ത്രങ്ങളുടെ ഉപയോഗം, വന നശീകരണം, നാടൻ മരങ്ങൾക്ക് പകരം വിദേശമരങ്ങളുടെ വ്യാപനം, മലഞ്ചരിവുകളിലെ കെട്ടിടനിർമ്മാണം,കരിങ്കൽ ഖനനം തുടങ്ങിയവയാണ് മണ്ണിടിച്ചിലിന് ആക്കം കൂട്ടിയത്.

**അനിയന്ത്രിതമായ വിനോദസഞ്ചാരവ്യവസായം.**

തദ്ദേശിയരും വിദേശിയരുമായ 8 ലക്ഷത്തിലധികം ടൂറിസ്റ്റുകളാണ് ഓരോ വർഷവും വയനാട്ടിലെത്തുന്നത്. വയനാടിന്റെ പച്ചപ്പും ആർദ്രതയും പാരിസ്ഥിതിക പ്രത്യേകതകളുമാണ്, വയനാട്ടിലെ ടൂറിസത്തിന്റെ മുഖ്യ ആകർഷണീയത. പക്ഷെ, ഇന്ന് വയനാട്ടിലെ കാർഷികത്തകർച്ചക്കുള്ള ഒറ്റമൂലി എന്ന നിലയിലാണ് ടൂറിസം അവതരിപ്പിക്കപ്പെടുന്നത്. അതുകൊണ്ടാണ് കാപ്പിത്തോട്ടങ്ങളും എസ്റ്റേറ്റുകളും വയലുകളും എല്ലാം വൻതോതിൽ റിസോർട്ടുകളായി മാറ്റപ്പെടുന്നത്. റിസർവ്വ് വനങ്ങളുടെ ഉള്ളിൽ പോലും സ്വകാര്യറിസോർട്ടുകൾ തഴച്ചുവളരുകയാണ്. ആദിവാസി മേഖലയിലേക്കുള്ള ടൂറിസത്തിന്റെ കടന്നുകയറ്റം സൃഷ്ടിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ നിരവധിയാണ്. എടക്കലിന്റേയും കുറുവയുടേയും മറ്റും വാഹകശേഷി കണക്കിലെടുക്കാതെയുള്ള ജനപ്രവാഹം അതിന്റെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ കൃഷിയുടെ ഭാവിയും ജനങ്ങളുടെ ഉപജീവനവും വയനാടിന്റെ നിലനിൽപ്പും അടിസ്ഥാനമാക്കി താഴെപറയുന്ന കാര്യങ്ങൾ ഞങ്ങൾ മുന്നോട്ട് വെക്കുകയാണ്.

**I. പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണവും വിപുലീകരണവും.**

1. നിലവിലുള്ള പ്രകൃതിദത്തവനങ്ങൾ മറ്റൊരു വനേതര ആവശ്യങ്ങൾക്കും (റോഡുകൾ, റെയിൽവേ, വൈദ്യുതലൈൻ, ഖനനം) ഉപയോഗിക്കാതിരിക്കുക.
2. നിലവിലുള്ള ഏകവൃക്ഷത്തോട്ടങ്ങളെ സ്വാഭിവികവനങ്ങളാക്കി മാറ്റുന്നതിനായി സമയബന്ധിതവും ജനപങ്കാളിത്തം ഉറപ്പാക്കിയുമുള്ള നടപടികൾ ആരംഭിക്കുക.
3. പുഴയോരങ്ങളും മറ്റ് ജലസംഭരണശേഷിയുള്ള സ്ഥലങ്ങളും മണ്ണൊലിപ്പ് തടയുന്നതിനുതകുന്ന വൃക്ഷങ്ങൾ വെച്ച് പിടിപ്പിച്ച് ജലപരിപാലനത്തിന് പ്രാപ്തമാക്കുക.
4. കാപ്പിത്തോട്ടങ്ങളിലും മറ്റും പശ്ചിമഘട്ടത്തിൽ വളർത്താവുന്ന സ്വാഭാവിക മരത്തൈകൾ വെച്ച് പിടിപ്പിച്ച് സൂക്ഷ്മകാലാവസ്ഥ നിലനിർത്തുക.
5. മനുഷ്യവാസകേന്ദ്രങ്ങളിൽനിന്നും പൊതുനിരത്തുകളിൽനിന്നും വന്യമൃഗ ഇടനാഴികളെ സംരക്ഷിക്കുകയും നഷ്ടപ്പെട്ടവയെ വീണ്ടെടുക്കുകയും ചെയ്യുക.
6. അധിനിവേശ സസ്യങ്ങളെ ശാസ്ത്രീയരീതികളിൽ പിഴുത് നശിപ്പിച്ച് വന ആവാസവ്യവസ്ഥ പുനരുജ്ജീവിപ്പിക്കുക.
7. ചെമ്പ്ര, വെള്ളരിമല, ബാണാസുര, പെരിയ, മണിക്കുന്ന്, ബ്രഹ്മഗിരി മുതലായ മലനിരകളിലെ വൃക്ഷലതാദികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി പാറഖനനം ടൂറിസം തുടങ്ങിയവ നിയന്ത്രിക്കുക.
8. പ്രളയസാധ്യതയുള്ള, നദീതടങ്ങളുടേയും മറ്റും സ്വാഭാവിക സംരക്ഷണം ഉറപ്പുവരുത്തുക.

**II. നിയന്ത്രിതടൂറിസവും ഭൂവിനിയോഗവും**

1. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശാസ്ത്രീയരീതിയിലുള്ള വാഹകശേഷി പഠനവും സന്ദർശകരുടെ നിയന്ത്രിത രീതിയിലുള്ള ഇടപെടലുകളും.
2. വയനാടൻ കൃഷിയെ പിന്തുണക്കുന്നതും അവ നിലനിർത്താനുതകുന്നതുമായ ടൂറിസമാണ് വേണ്ടത്. പരിസ്ഥിതി ലോല പ്രദേശങ്ങളും വന്യജീവി ആവാസമേഖലകളും ഗോത്രസമൂഹങ്ങളുടെ പ്രദേശങ്ങളും ടൂറിസത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
3. സുപ്രീം കോടതിയുടെ സമീപകാലവിധികൾക്ക് അനുസൃതമായി ആനത്താരകളെ സംരക്ഷിക്കുന്നതിനായുള്ള നയസമീപനം സ്വീകരിക്കണം.

4. മാലിന്യനിക്ഷേപങ്ങൾ പൂർണ്ണമായി നിയന്ത്രിച്ചും ജലവിനിയോഗ മാനേജ്മെന്റ് ത്വരിതപ്പെടുത്തിയും വയനാടിന്റെ പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തുക.
5. ആദിവാസി സംസ്കാരത്തെ പ്രദർശന വസ്തുക്കളാക്കരുത്. അവരുടെ ആവാസകേന്ദ്രങ്ങളെ തരം മാറ്റുന്നത് മനുഷ്യാവകാശലംഘനമായി കണ്ട് നിയമം മൂലം നിരോധിക്കുക.
6. വായുമലിനീകരണവും ഗതാഗതക്കുരുക്കും ലാലുകരിക്കുന്നതിനായി വയനാട്ടിൽ ഉടനീളമുള്ള പൊതുഗതാഗതസംവിധാനം മെച്ചപ്പെടുത്തുക.
7. മലഞ്ചെരിവുകളെ സംരക്ഷിക്കുന്നതിനായുള്ള പ്രാദേശിക പുല്ലിനങ്ങൾ, രാമച്ചം, തെരുവ, കൈത, മുള തുടങ്ങിയവ നട്ടുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക. തൊഴിലുറപ്പ് പദ്ധതി ഇതിനായി ഉപയോഗിക്കുക.
8. നിലംനികത്തൽ പൂർണ്ണമായും നിരോധിച്ചുകൊണ്ട് പ്രളയത്തിന്റേയും മണ്ണിടിച്ചിലിന്റേയും ആഘാതം ലഘൂകരിക്കുക.
9. പശ്ചിമഘട്ടമേഖലയിൽ സമാന്തരറോഡുകളും ട്രക്കിംഗ് പാതകളും നിരോധിക്കുക.
10. കർഷകരുടെ തോട്ടങ്ങളിലെ സ്വാഭാവിക മരങ്ങൾ നിലനിർത്തുന്നതിനായി അതിന്റെ പാരിസ്ഥികമൂല്യം കണക്കിലെടുത്ത് കൃഷിക്കാരന് വാർഷിക സംരക്ഷണച്ചിലവ് നൽകുകയും മരങ്ങളുടെ ഈടിൽ ബാങ്കുവായ്പ നൽകുകയും ചെയ്യുക.

## III. കടത്തിൽ നിന്നുള്ള പൂർണ്ണമോചനവും കർഷകർക്ക് സുസ്ഥിര വരുമാനവും.

1. വയനാട്ടിലെ കർഷകസമൂഹം അനുഭവിക്കുന്ന കടബാധ്യത കണക്കിലെടുത്ത് കടങ്ങൾ പൂർണ്ണമായും എഴുതിത്തള്ളുകയും കൃഷി പുനരുജ്ജീവനത്തിനായി പലിശരഹിത വായ്പകൾ അനുവദിക്കുകയും ചെയ്യുക.
2. കേന്ദ്രം വിജ്ഞാപനം ചെയ്യുന്ന വിളകൾക്കുള്ള താങ്ങുവില ഉറപ്പാക്കാനായി നിയമപരിരക്ഷ നൽകുകയും കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം എന്നിവമൂലമുള്ള കൃഷിനാശത്തിന് അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കുകയും വഴി പ്രകൃതിയുടേയും വ്യാപാരശക്തികളുടേയും സമ്മർദ്ദത്തിൽ നിന്നും കർഷകരെ രക്ഷിക്കുകയും ചെയ്യുക.
3. കഴിഞ്ഞ രണ്ട് ദശകങ്ങളായി, ജില്ലയിൽ അവലംബിക്കുന്ന കടുംകൃഷിരീതി രാസ/വിഷ പദാർത്ഥങ്ങളുടെ ഉപയോഗം ക്രമാതീതമായി വർദ്ധിപ്പിച്ചിരിക്കുന്നു. 5 വർഷം കൊണ്ട് വയനാട് പൂർണ്ണ ജൈവജില്ലയാക്കുന്നതിനുള്ള തീവ്രശ്രമം അനിവാര്യമാണ്. ഇത് വിഷപദാർത്ഥങ്ങളുടെ ഉപയോഗത്തിൽനിന്നും മണ്ണിനേയും ജൈവസമ്പത്തിനേയും മാത്രമല്ല സംരക്ഷിക്കുക, കർഷകരേയും തൊഴിലാളികളേയും തൊഴിൽ ജന്യ അപകടങ്ങളിൽ നിന്നും രക്ഷിക്കുകയും ഭക്ഷ്യവസ്തുക്കളിലെ വിഷസാന്നിദ്ധ്യം ഒഴിവാക്കുകയും ചെയ്യും. ഇതിനായി സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ഏകോപിത പ്രവർത്തനം അനിവാര്യമാണ്. അരുവികളിലേയും ജലാശയങ്ങളിലേയും രാസസാന്നിദ്ധ്യം കുറയ്ക്കുന്നതിനും ഇതുവഴി സാധിക്കും.
4. ദീർഘകാലത്തെ ഭക്ഷ്യവിളകളുടെ കൃഷി, പരമ്പരാഗത വിത്തിനങ്ങളുടെ സമ്പന്നമായ പൈതൃകം നമുക്ക് നൽകിയിട്ടുണ്ട്. കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം എന്നീ വയനാടൻ ഇനങ്ങൾ അവയുടെ സവിശേഷ ഗുണമേന്മയാൽ ആഗോളവിപണിയിൽ ശ്രദ്ധേയമായവയാണ്. പാരമ്പര്യനെൽവിത്തിനങ്ങളുടെ അപൂർവ്വ നിധിശേഖരമാണ് വയനാട്ടിലുള്ളത്. പ്രാദേശിക കർഷകക്കൂട്ടായ്മയുടേയും സന്നദ്ധസംഘടനകളുടേയും ശ്രദ്ധാപൂർവ്വമായ ഇടപെടലുകളിലൂടെ ഇത്തരം വിത്തുകളുടെ സംരക്ഷണവും വ്യാപനവും നടന്നുകൊണ്ടിരിക്കുന്നു. അപാരമായ വിപണി സാദ്ധ്യത ഉള്ളതുകൊണ്ടും കർഷകന് ന്യായമായ പ്രതിഫലം ലഭിക്കുമെന്നത് കൊണ്ടും ഈ മേഖലയിലെ കൂട്ടായശ്രമം അനിവാര്യമാണ്.
5. ഡക്കാൻപീഠഭൂമിയിൽ നിന്ന് വരുന്ന വരണ്ട കാറ്റുമൂലം ഊഷരമായി തീർന്നിട്ടുള്ള പുൽപ്പള്ളി മുള്ളൻകൊല്ലി പഞ്ചായത്തുകളെ ജലസേചനം വഴി പുനരുജ്ജീവിപ്പിക്കാനും കുടിവെള്ളക്ഷാമം പരിഹരിക്കാനുമായി കാരാപ്പുഴ റിസർവ്വോയറിൽ നിന്നുള്ള ജലം കനാൽവഴി എത്തിക്കാനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ഉണ്ടാവണം. അതുപോലെ കബനി തടങ്ങളെ ഹരിതവൽക്കരിക്കരിക്കുകയെന്നത് അടിയന്തിരമായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. നീർത്തടാധിഷ്ടിത പദ്ധതിക്ക് കീഴിൽ തടയണകൾ, കുളങ്ങൾ, തലക്കുളങ്ങൾ എന്നിവ നിർമ്മിക്കണം.
6. കർഷക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനായി കുരുമുളകിന്റേയും മറ്റ് സുഗന്ധ വിളകളുടേയും ഇറക്കുമതി പൂർണ്ണമായും നിരോധിക്കുകയും നിലവിലുള്ള അന്താരാഷ്ട്ര കരാറുകൾ പുനരവലോകനം ചെയ്ത് അവ കർഷകർക്ക് അനുഗുണമാക്കുകയും ചെയ്യുക.

## IV. കാർഷികാധിഷ്ഠിത വ്യവസായങ്ങൾ

# പരിസ്ഥിതി സൗഹൃദവികസനവും പുരോഗതിയും ലക്ഷ്യമാക്കി വയനാട് കർഷക കൂട്ടായ്മ അവതരിപ്പിക്കുന്ന അവകാശ രേഖ (കരട്)

**ആമുഖം :**

വനങ്ങളും നദീതടങ്ങളും ചതുപ്പും കൃഷിയിടങ്ങളും സംരക്ഷിക്കുന്നതിനും ജലസുരക്ഷയും ഭക്ഷ്യസുരക്ഷയും വരും തലമുറയ്ക്കായി കരുതിവെയ്ക്കുന്നതിനുമുതകുന്ന ഒരു ജനകീയമുന്നേറ്റമാണ് നാം വിഭാവനം ചെയ്യുന്നത്. ഗോത്രവർഗ്ഗസമൂഹങ്ങളും കർഷകരും വ്യാപാരസമൂഹവും പരിസ്ഥിതി താൽപര്യമുള്ളവരും ഉൾക്കൊള്ളുന്ന വളരെ വ്യത്യസ്ഥവും വിശാലാർത്ഥത്തിലുമുള്ള സുസ്ഥിരമായ ഒന്നാണ് ഈ കൂട്ടായ്മ. നമ്മുടെ സംസ്ഥാനത്തെ അതിദീർഘമായ മാനവീക ചരിത്രമുള്ളതും എന്നാൽ വൈകി മാത്രം രൂപീകരിക്കപ്പെട്ടതുമായ ഒരു ജില്ലയാണ് വയനാട്. ജൈവ വൈവിദ്ധ്യവും പരിസ്ഥിതി സമ്പന്നവും ഒപ്പം ദുർബല ഭൂപ്രദേശവുമായ വയനാടിനെ പ്രത്യേകം ശ്രദ്ധേയമാക്കുന്നത്, ഇതിന്റെ പ്രകൃതി സവിശേഷതകളും പൈതൃകവും തന്നെയാണ്.

2132 ചതു.കിലോമീറ്റർ വിസ്തൃതിയുള്ള വയനാടിന്റെ 40 ശതമാനത്തിലധികവും വനമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉഷ്ണമേഖലാനിത്യഹരിത വനങ്ങളും ചതുപ്പുനിലങ്ങളും പുൽമേടുകളും മാത്രമല്ല, ഏറെയും വനംവകുപ്പിന്റെ തേക്കും യൂക്കാലിപ്റ്റസും മഹാഗണിയുമുൾക്കൊള്ളുന്ന ഏക വിളത്തോട്ടങ്ങളുമാണ്. പതിമൂന്നോളം നദികളുടെ പ്രഭവകേന്ദ്രങ്ങൾ, വയനാടൻ വനങ്ങളിലെ ഷോലക്കാടുകളും പുൽമേടുകളുമാണ്. അയൽ ജില്ലകളായ കോഴിക്കോടും കണ്ണൂരും മലപ്പുറവും കുടിവെള്ളത്തിനും കൃഷിക്കും ആശ്രയിക്കുന്നത് വയനാടൻ കാടുകളിൽ നിന്നൂറിവരുന്ന ജലസമ്പത്തിനെയാണ്. ദക്ഷിണേന്ത്യയുടെ ജലഗോപുരം (Water Tower) ആയാണ് വയനാട് കണക്കാക്കപ്പെടുന്നത്. നമ്മുടെ പ്രധാന നദിയായ കബനി കർണാടകത്തിന്റെയും തമിഴ്നാടിന്റേയും കാർഷിക സമൃദ്ധിയുടെ പ്രഭവ കേന്ദ്രമായ കാവേരിനദിയുടെ പ്രധാന കൈവഴിയാണ്. ചെമ്പ്രയും വെള്ളരിമലയും ബ്രഹ്മഗിരിയും സുഗന്ധഗിരിയും കുറിച്യർമലയും ബാണാസുരയും മണിക്കുന്ന് മലയും കബനിയുടെ വൃഷ്ടി പ്രദേശങ്ങളിൽ ഉൾപ്പെടുന്നു.